ശമ്പളമിനത്തിൽ ഉണ്ടാകുന്ന അധിക ബാദ്ധ്യത

15 (281)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അനുവദിച്ച മുന്നൂറോളം വരുന്ന പ്ലസ് ടു കോഴ്സുകളിലേക്ക് നിയമിക്കപ്പെടുന്ന അദ്ധ്യാപക അനദ്ധ്യാപകർക്ക് ശമ്പളമിനത്തിൽ സർക്കാരിന് എത്ര കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകും;

(ബി) ഇതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ;

(സി) അധിക വിഭവ സമാഹരണത്തിന് വേണ്ടി സർക്കാർ പ്രതീക്ഷിക്കുന്ന വരവിനമെന്ത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അധിക ബാദ്ധ്യത സംബന്ധിച്ച വിശദവിവരം ഇപ്പോൾ ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

(ബി) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി പതിനഞ്ചു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ശമ്പളമിനത്തിൽ അധികമായി വേണ്ടി വരുന്ന തുക നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നെടുമങ്ങാട് ജി.എച്ച്.എസ്. സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കണമെന്ന നിവേദനം

16 (282)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പ്രവർത്തിക്കുന്ന ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിനുവേണ്ടി 1994-ൽ പണി ആരംഭിച്ച ബഹുനില മന്ദിരത്തിന്റെ നിർത്തിവച്ചിരിക്കുന്ന പണി പുനരാരംഭിക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(സി) ഈ മന്ദിരം പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം ഉചിതമായ, അനന്തര നടപടികൾക്കായി പൊതു വിദ്യാഭ്യാസ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഭരണവകുപ്പിൽ നിന്നുള്ള ശുപാർശകളനുസരിച്ച് ധന പുനർവിനിയോഗത്തിലൂടെ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly